# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അശമന്നൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി 2)1611/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 13/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അശമന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി 2)1611/2023 തീയ്യതി: 13/12/2023

## എറണാകുളം ജില്ലയിലെ അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 11-10-2023 | 19-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-10-2023 | 19-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ധീരജ് ജെ, ഓഡിറ്റ് ഓഫീസർ
റഷീദ് സി.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഷർഫുദ്ദീൻ എസ്.എച്ച്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
അലി എ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഷിജി ഷാജി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. രശ്മി.എസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പ്രേമ ബി മേനോൻ | അസി:സെക്രട്ടറി | 01-04-2022 | 18-10-2022 |
| ഒഴിവ് | അസി:സെക്രട്ടറി | 19-10-2022 | 15-11-2022 |
| ശ്രീ ഷാജു പോൾ | അസി:സെക്രട്ടറി | 16-11-2022 | 31-03-2023 |
| ഡോ.ബിജു വർഗീസ് | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2022 | 31-03-2023 |
| ഡോ.നിസരി ജോയ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 26-06-2022 |
| ഡോ. കെ കെ ഷീജ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 27-06-2022 | 31-03-2023 |
| ഡോ.ആശാലത ഇ എസ് | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ ബിന്നി വർഗീസ് പി | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി സൗമ്യ സണ്ണി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി മായ സി കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ജുവൽ ജോയ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ ഡേവിഡ് കെ എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,അശമന്നൂർ | 01-04-2022 | 31-03-2023 |
| ശ്രീ ഡേവിഡ് കെ എ (ചാർജ്) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,മേതല | 01-04-2022 | 08-08-2022 |
| ശ്രീ.ഷാനവാസ് സി എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,മേതല | 09-08-2022 | 31-03-2023 |
| ശ്രീമതി.ശ്രീപ്രിയ എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 06-09-2022 |
| ഒഴിവ് | അസിസ്റ്റന്റ് എഞ്ചിനിയർ | 07-09-2022 | 11-09-2022 |
| ശ്രീമതി.ബിജിമോൾ | അസിസ്റ്റന്റ് എഞ്ചിനിയർ | 12-09-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഭാസ്കരൻ | | | |
| ഡോ.ജീവൻ പി.എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) (എൻ.എച്ച്.ആർ.എം) | 01-04-2022 | 09-02-2023 |
| ഡോ.കൃഷ്ണകുമാർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) (എൻ.എച്ച്.ആർ.എം) | 10-02-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-3 |
| 5 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | അഡ്വാൻസ് രജിസ്റ്റർ എ.എഫ്.എസ്സു മായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 10 | ഗ്രാന്റ് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമപദ്ധതികൾ | 1-7 |
| 14 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | തനത് വരുമാനം - പൊതു അവലോകനം | 1-11 |
| 18 | റോഡ് കട്ടിംഗ് അനുമതി - സൂപ്പർ വിഷൻ ചാർജ് ഈടാക്കിയില്ല - 6,002/- രൂപ നഷ്ടം | 1-12 |
| 19 | റോഡ് കട്ടിംഗ്  - ഫൈൻ ഈടാക്കിയില്ല - ₹ 1,72,454/- ലഭിച്ചില്ല. | 1-12-1 |
| 20 | തൊഴിൽ നികുതി അടവാക്കിയിട്ടില്ല – തുടർ നടപടി സ്വീകരിക്കണം | 1-13 |
| 21 | ജൽ ജീവൻ മിഷൻ - പഞ്ചായത്തിന് റോഡ് കട്ടിംഗ് ഫീസ് ലഭിക്കുന്നില്ല. | 1-14 |
| 22 | അങ്കണവാടികൾക്ക് ഗ്യാസ് സ്റ്റൗ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ-പഴയ സ്റ്റൗവുകൾ ലേലം ചെയ്യേണ്ടതാണ്. | 1-15 |
| 23 | പ്രോജക്റ്റ് അംഗീകരമില്ലാതെ തുക ചെലവഴിച്ചു | 1-16 |
| 24 | ജെക്സ് - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-17 |
| 25 | ഐ.കെ.എം - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-18 |
| 26 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി | 1-19 |

| | | |
|---|---|---|
| | പൂർത്തിയായിട്ടില്ല. | |
| 27 | തെരുവ് വിളക്ക് മെയിന്റനൻസ് പ്രൊജക്ട് നിർവ്വഹണത്തിൽ ന്യൂനതകൾ. | 1-20 |
| 28 | ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങി ഉപയോഗിച്ചതിലെ ന്യൂനതകൾ . | 1-21 |
| 29 | പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിനുള്ള തുക അടവാക്കിയത് – പ്രോജക്റ്റ് നിർവ്വഹണത്തിൽ ന്യൂനതകൾ. | 1-22 |
| 30 | കൃഷിയിടങ്ങളിലെ ആഫ്രിക്കൻ ഒച്ചിന്റെ നിയന്ത്രണം - പദ്ധതി നിർവ്വഹണത്തിലെ അപാകം. | 1-23 |
| 31 | നെൽകൃഷിക്ക്കൂലിചെലവ് സബ്സിഡി - പദ്ധതി നിർവ്വഹണത്തിൽ ന്യൂനതകൾ. | 1-24 |
| 32 | എസ്.എസ്.കെ. പദ്ധതി - പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-25 |
| 33 | ഓഡിറ്റ് ഇംപാക്റ്റ് | 1-26 |
| | **ഭാഗം 2** | |
| 1 | റോഡ് കട്ടിംഗ് അനുമതി - സൂപ്പർ വിഷൻ ചാർജ് ഈടാക്കിയില്ല - 6002 രൂപ നഷ്ടം | 2-1 |
| | **ഭാഗം 3** | |
| 1 | തെരുവ് വിളക്ക് മെയിന്റനൻസ് പ്രൊജക്ട് നിർവ്വഹണത്തിൽ ന്യൂനതകൾ. | 3-1 |
| 2 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി - പദ്ധതി നിർവ്വഹണത്തിൽ ന്യൂനതകൾ. | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകളുടെ വിവരം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾകൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് അശമന്നൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 20.07.2023 ലെ 1(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 24.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അശമന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാക്കനാട്

തീയതി : 13.12.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ

സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-2851234/-ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-2609245/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-2 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ് ) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ് )152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് ഗ്രാമപഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി വർഗ്ഗീകരിച്ച ആസ്തികളുടെ വിവരവും മൂല്യവും അക്കൌണ്ട് ചെയ്യേണ്ടതാണ്.

1-1-4 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി ഡി.സി.ബി. കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ സ്റ്റേറ്റ്മെന്റും വാർഷികകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-5 അഡ്വാൻസ് രജിസ്റ്റർ എ.എഫ്.എസ്സ മായി പൊരുത്തപ്പെടുന്നില്ല

എ.എഫ്.എസ്സിലെ ബി.18 ഷെഡ്യൂളിലെ താഴെ ചേർക്കുന്ന അഡ്വാൻസ് നീക്കിയിരിപ്പുകൾ അഡ്വാൻസ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

1-1-6 ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വിവിധ ഡെപ്പോസിറ്റുകളുടെ നീക്കിയിരുപ്പ് തുകയുടെ കൃത്യത പരിശോധിക്കാനായില്ല.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 23.03.2022 തീയതിയിലെ 1(1)ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 06.03.2023 തിയതിയിലെ 1(1)ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് & റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം (₹) | റിവൈസ്ഡ് ബജറ്റ് പ്രകാരം (₹) |
|---|---|---|

| | | |
|---|---|---|
| പ്രാരംഭ ബാക്കി | 58,51,573 | 58,51,573 |
| വരവ് | 21,85,25,000 | 20,89,68,167 |
| ആകെ | 22,43,76,573 | 21,48,19,740 |
| ചെലവ് | 21,72,07,000 | 20,73,46,570 |
| നീക്കിയിരിപ്പ് | 71,69,573 | 74,73,170 |

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും അക്കൗണ്ട്സ് ഡബിൾ എൻട്രിയിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ബജറ്റും അക്കൗണ്ട്സും തമ്മിൽ താരതമ്യം ചെയ്തിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹1,52,94,502 |
| വരവ് | ₹3,29,44,047 |
| ആകെ | ₹4,82,38,549 |
| ചെലവ് | ₹3,57,95,281 |
| നീക്കിയിരിപ്പ് | ₹1,24,43,268 |

വരവ്-ചെലവുകൾ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക അടിസ്ഥാനമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെടാത്ത ഗ്രാന്റിനങ്ങളുടെ വിശദാംശങ്ങൾ തുടർ ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 13766000 | 13766000 | 12622414 | - | 1143586 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4939000 | 4939000 | 4935319 | - | 3681 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | - | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 16723000 | 16723000 | 15624876 | - | 1098124 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4570000 | 4570000 | 3071263 | - | 1498737 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - (Basic Grant-Untied) | 1350182 | 2293000 | 3643182 | 2369005 | 1274177 | - |
| ധനകാര്യ കമ്മീഷൻ - (Tied) – Treasury | 0 | 1059684 | 1059684 | 865163 | 194521 | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - (Tied) Bank | 3320000 | 3439000 | 6759000 | 5069112 | 1689888 | - |
| നിർമ്മൽ പുരസ്കാരം 320100105 | 10000 | 0 | 10000 | 0 | 10000 | - |
| Programme For Person With Disabilities 320100145 | 482925 | 605539 | 1088464 | 815453 | 273011 | - |
| SGSY 320100175 | 31501 | 859 | 32360 | 0 | 32360 | - |

| | | | | | | |
|---|---|---|---|---|---|---|
| ICDS- Central Share 320100196 | 578584 | 1081202 | 1659786 | 609192 | 1050594 | - |
| Literacy 320100197 | 0 | 2927 | 2927 | 0 | 2927 | |
| ശുചിത്വ മിഷൻ ഫണ്ട് 320 100 198 | 50566 | 0 | 50566 | 0 | 50566 | - |
| Health Grant- Infrastructure 320100202 | 0 | 236945 | 236945 | 234216 | 2729 | - |
| Health Grant- PHC 320100204 | 0 | 111896 | 111896 | 64949 | 46947 | - |
| Other Libilities 320100999 | 19907 | 15220 | 35127 | 0 | 35127 | - |
| Animal Husbandary 320200202 | 10095 | 0 | 10095 | 0 | 10095 | - |
| Baby Friendly Toilet 320200205 | 12000 | 0 | 12000 | 0 | 12000 | - |
| Swech Bharath Grameen 320200304 | 8162 | 0 | 8162 | 0 | 8162 | - |
| MLA Fund 320200307 | 853 | 0 | 853 | 0 | 853 | - |
| 320 200 399 State Sponsored Schemes Life State Share | 1452775 | 0 | 1452775 | 1420000 | 32775 | - |
| ജലനിധി 320 300 102 | 10000 | 0 | 10000 | 0 | 10000 | - |
| TSC 320300103 | 75190 | 120000 | 195190 | 170000 | 25190 | - |
| Malsya Club 1351 Others - 19000 320300199 | 20351 | 0 | 20351 | 0 | 20351 | - |
| Lift Irrigation - 8217 ... -50000 320700104 | 58217 | 0 | 58217 | 0 | 58217 | - |
| Benficiary Contribution 320800101 | 39164 | 283607 | 322771 | 195529 | 127242 | - |
| Janakeeya Bhavanam 320800199 | 82536 | 15555 | 98091 | 0 | 98091 | - |
| Donation 320900102 | 27904 | 809 | 28713 | 22400 | 6313 | - |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (പൂർത്തിയായത്) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 173 | ₹10,56,85,328 | 142 | ₹6,17,87,874 | 0 | 31 | 82.08% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | തൻവർഷ വരവ് (₹) | ആകെ വരവ് (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 571 | 8,79,039 | 8,79,610 | 8,77,264 | 2,346 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 2,84,70,780 | 2,84,70,780 | 2,84,70,780 | 0 |
| ആകെ | 571 | 2,93,49,819 | 2,93,50,390 | 2,93,48,044 | 2,346 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 55,08,600 | 337 |
| വിധവാ പെൻഷൻ | 71,29,300 | 631 |
| വാർദ്ധക്യകാല പെൻഷൻ | 1,64,99,200 | 1670 |
| വികലാംഗ പെൻഷൻ | 29,70,400 | 218 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 2,98,800 | 27 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.10.2023-ന് 3.30 PM-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,64,450/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണ്. എങ്കിലും താഴെ പറയുന്ന കാര്യങ്ങളിലേക്ക് കൂടി അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1. പദ്ധതി നിർവ്വഹണ കലണ്ടർ അനുസരിച്ച് നിർവ്വഹണം നടത്താത്തതിനാൽ ആവിഷ്കരിച്ച മിക്ക മരാമത്ത് പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കാനായിട്ടില്ല.

2.ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. വസ്തു നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിൽ വീഴ്ചയുണ്ടാകുന്നുണ്ട്.

4. പണമിടപാടുകൾ ശരിയായ അക്കൗണ്ട് ഹെഡുകളിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനമില്ല.

5. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6. പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നില്ല.

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്ത തരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. വർക്കിംഗ് ഗ്രൂപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള അംഗങ്ങളാണ് മോണിറ്ററിംഗ് ഗ്രൂപ്പായി പ്രവർത്തിക്കേണ്ടത്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല.

പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.09.2021 | 02/2021 മുതൽ 08/2021 വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.01.2017 | 2011-12 മുതൽ 2015-16 വരെ | 09.03.2017 |

1-11 തനത് വരുമാനം - പൊതു അവലോകനം

അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ വാടക, ഫീസ്, ലേലം, നികുതി, നികുതി ഇതര വരവുകൾ എന്നിവ പരിശോധിച്ചതിൽ തനതു വരുമാനം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I) ഗ്രാമപഞ്ചായത്തിന് ഒരു ഷോപ്പിംഗ് കോംപ്ലക്സാണ് ഉള്ളത് (15 മുറികൾ). ആയതിന്റെ വാടക കൃത്യമായി പിരിച്ചെടുക്കുന്നതിലും വർഷാ വർഷം വാടക വർദ്ധനവ് വരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

II)ട്രേഡേഴ്സ് ലിസ്റ്റ് രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.കാലികമാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഡിമാന്റ് നിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിലെ എഫ്.ടി.ഇ & ഓ.എസ്. ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാപേരും കേരള പഞ്ചായത്തീ രാജ് നിയമം വകുപ്പ് 232, 233, കേരള പഞ്ചായത്തീ രാജ് (അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾ 1996, കേരള പഞ്ചായത്ത് രാജ് (അപകടകരവും അസഹ്യവുമായ വ്യാപരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ) ഭേദഗതി ചട്ടങ്ങൾ 2017 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

III)ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുമ്പോൾ വസ്തുനികുതി അടവാക്കാത്ത വാണിജ്യ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി കൃത്യതവരുത്തേണ്ടതും എഫ്.ടി.ഇ & ഓ.എസ്. ലൈസൻസ് അപേക്ഷ സ്വീകരിക്കുന്ന സമയത്ത് നികുതി അടവ് വിവരം പരിശോധിക്കേണ്ടതുമാണ്.

IV) അന്യസംസ്ഥാന തൊഴിലാളികൾ ഏറ്റവും കൂടുതൽ ജോലി ചെയ്യുന്ന കേരളത്തിലെ പഞ്ചായത്തുകളിലൊന്നാണ് അശമന്നൂർ. പ്ലൈവുഡ് ഫാക്ടറികളിലും ഫർണിച്ചർ നിർമ്മാണ ഫാക്ടറികളിലും ധാരാളം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. എന്നാൽ ഇവരിൽ ഭൂരിഭാഗം തൊഴിലാളികളും ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടക്കുന്നവരല്ല. സ്ഥാപന മേധാവികളോട് കൃത്യമായ കണക്ക് ആവശ്യപ്പെടേണ്ടതും തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

V) കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21 പ്രകാരം ഗ്രാമപഞ്ചായത്തിന് പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്താവുന്നതാണ്. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. ധാരാളം പ്ലൈവുഡ് കമ്പനികൾ സ്ഥിതി ചെയ്യുന്ന പഞ്ചായത്തിൽ പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തുക വഴി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്താൻ സാധിക്കുന്നതാണ്.

VI) 1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയിടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതിനാൽ തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയ പ്രദേശത്തിലോ/ ഏതെങ്കിലും പ്രദേശങ്ങളിലോ ചട്ടപ്രകാരം സേവന ഉപനികുതി പിരിക്കേണ്ടതാണ്. ആയത് ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

VII) തൊഴിൽ നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിലൂടെ നികുതിയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. പഞ്ചായത്തിൽ ട്രേഡ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്യുന്നില്ല. വിശദ വിവരം പ്രത്യേക ഖണ്ഡികയായി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-12 റോഡ് കട്ടിംഗ് അനുമതി - സൂപ്പർ വിഷൻ ചാർജ് ഈടാക്കിയില്ല - 6,002/- രൂപ നഷ്ടം

ഗ്രാമപഞ്ചായത്തിൽ റോഡ് കട്ടിംഗ് ഫീസ് ഈടാക്കിയതിൽ അപാകതകൾ ഉള്ളതായി കാണുന്നു. റോഡ് കട്ടിംഗ് ഫീസ് ഈടാക്കുന്നതിന് നിദാനമായ ചീഫ് എഞ്ചിനീയർ (പി.ഡബ്ല്യു.ഡി. റോഡ്സ്) തിരുവനന്തപുരത്തിന്റെ 24.09.2020 ലെ No: CE / R&B/GL-RCI3I20I8 സർക്കുലർ പ്രകാരം 2.5% നിരക്കിൽ സൂപ്പർവിഷൻ ചാർജ് അടക്കണം. ഇപ്രകാരം ക്രമം നം.1-ൽ നിന്ന് 5386/- രൂപയും ക്രമം നം.2-ൽ നിന്ന് 397/- രൂപയും ക്രമം നം.3-ൽ നിന്ന് 219/- രൂപയും ഉൾപ്പെടെ 6,002/- രൂപ ഈടാക്കി തനത് ഫണ്ടിൽ അടവാക്കേണ്ടതാണെങ്കിലും ആയത് അടവാക്കിയതായി കാണുന്നില്ല.കൂടാതെ ഫയൽ സൂക്ഷിപ്പിലും അപാകതകൾ ഉണ്ട്. വിശദ വിവരം ഭാഗം 2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-12-1 റോഡ് കട്ടിംഗ് - ഫൈൻ ഈടാക്കിയില്ല - ₹ 1,72,454/- ലഭിച്ചില്ല.

അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ (പേജ് നം. 19, ക്രമ നം. 181) ഉൾപ്പെട്ടിട്ടുള്ള ഒൻപതാം വാർഡിലെ പെരുവങ്കൽപ്പടി കനാൽ ബണ്ട് റോഡ് ശ്രീ ഇട്ടിര, പെരുവങ്കൽ എന്ന വ്യക്തി വെട്ടിപ്പൊളിച്ചിരിക്കുന്നതായി ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 22.02.2021ലെ 1(2) നം. തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വാട്ടർ കണക്ഷൻ എടുക്കുന്നതിന് വേണ്ടിയാണ് 62.60 മീറ്റർ നീളത്തിലും 0.9 മീറ്റർ വീതിയിലും ടാർ റോഡ് അസ്ഥിവാരം ഉൾപ്പെടെ കട്ടിംഗ് നടത്തിയിട്ടുള്ളത്. പഞ്ചായത്തിന്റെ അനുമതിയില്ലാതെയാണ് ടി റോഡ് വെട്ടിപ്പൊളിച്ചതെന്നും ആയതിനാൽ 3090.57 M2 നിരക്ക് പ്രകാരം 172454 രൂപ ടി വ്യക്തിയിൽ നിന്ന് ഈടാക്കണമെന്ന് അസി:എഞ്ചിനീയർ കത്ത് നൽകിയിട്ടുള്ളതാണെന്നും തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നഷ്ടതുകയായ 72454/- രൂപ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ തുടർ നടപടികൾ സംബന്ധിച്ച് വിശദീകരണം/വിശദ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( നം 6/12.10.2023) നൽകി. ആയതിന് അസി: എഞ്ചിനീയർ 17.10.2023 ൽ 56/AE/LID&EW/ASNR/2023/24 പ്രകാരം മറുപടി ലഭ്യമാക്കി. ആയത് കൂടി പരിഗണിച്ചാണ് താഴെ പറയുന്ന പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

1. റോഡ് വെട്ടിപ്പൊളിച്ച വ്യക്തിയിൽ നിന്ന് 173000/- രൂപ ഫൈൻ ഈടാക്കണമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുള്ളതായി വിവരാവകാശ അപേക്ഷയുടെ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട് ( അപേക്ഷകൻ നിതിൻ പി ആർ , പുളിക്കൽ വീട് , അപേക്ഷ നം 3110/23/26.07.22). എന്നാൽ പ്രസ്തുത റിപ്പോർട്ട് ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല.

2. ഗ്രാമപഞ്ചായത്തിന് നഷ്ടമായ തുകയായ 72454/- രൂപ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടു. തുക അടവാക്കുന്നതിന് സെക്രട്ടറിക്ക് കത്ത്

നൽകിയിട്ടുണ്ടെന്ന് അസി:എഞ്ചിനീയർ മറുപടിയിൽ അറിയിച്ചു.

3. നഷ്ട തുകയായ 72454/- രൂപ അടവാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഇട്ടീരക്ക് 30.03.2021 ൽ സി3 -908/2019 പ്രകാരം ഗ്രാമപഞ്ചായത്ത് നോട്ടീസ് നൽകിയിട്ടുണ്ട്. ആയതിന് ടിയാൻ 3.4.23 ൽ ലഭ്യമാക്കിയ മറുപടിയിൽ താഴെ ചേർക്കുന്ന കാര്യങ്ങൾ അറിയിച്ചു.

(A) കുടിവെള്ള ക്ഷാമം രൂക്ഷമായതിനാലാണ് റോഡ് കട്ടിംഗ് നടത്തിയത്.

(B) പഞ്ചായത്ത് ഭരണാധികാരികൾക്കുള്ള രാഷ്ട്രീയ വിരോധം മൂലമാണ് ഭീമമായ നഷ്ട തുക ആവശ്യപ്പെട്ടിരിക്കുന്നത്.

(C) റോഡിലൂടെ പൈപ്പ് വഴി വെള്ളം കൊണ്ട് പോകുന്നത് കൊണ്ട് പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നില്ല.

4. വെട്ടിപ്പൊളിച്ച റോഡ് ഇന്റർലോക്ക് വിരിക്കുന്നതിന് 2022-23 വർഷം പ്രൊജക്റ്റ് നടപ്പാക്കിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 87/22-23 |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് റോഡ് |
| ചെലവ് | 4,00,891.00 |

5. ഫൈൻ തുകയായ 1,72,454/- രൂപ ധനകാര്യ പത്രിക ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽ നഷ്ടത്തുക ഭാവിയിൽ ലഭിക്കാതെ പോകാൻ സാധ്യതയുണ്ട്.

ഓഡിറ്റ് നിർദേശം

റോഡ് വെട്ടിപ്പൊളിച്ച സ്വകാര്യ വ്യക്തി ലഭ്യമാക്കിയ വിശദീകരണം/മറുപടി സാങ്കേതികമായും നിയമപരമായും നിലനിൽക്കുന്നതല്ലാഞ്ഞിട്ട് കൂടി ഗ്രാമപഞ്ചായത്ത് സമയബന്ധിത തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിന് നഷ്ടം വന്നതായി കണക്കാക്കിയ 1,72,454/- രൂപ ഈടാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-13 തൊഴിൽ നികുതി അടവാക്കിയിട്ടില്ല – തുടർ നടപടി സ്വീകരിക്കണം

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ 2022-23 തൊഴിൽ നികുതി അടവാക്കിയില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ / ഉടമസ്ഥന്റെ പേര് | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
|---|---|---|---|
| 1 | ഇൻസ്റ്റാ കാർട്ട് പ്രൈവറ്റ് ലിമിറ്റഡ് | ഇല്ല | ഉണ്ട് |
| 2 | വൈബർ പ്ലൈവുഡ് | ഉണ്ട് | ഇല്ല |
| 3 | കെ എം പി കോളേജ് ഓഫ് ആർട്സ് & സയൻസ് | ഉണ്ട് | ഇല്ല |
| 4 | കള്ള് ഷാപ്പ്, ചെറുകുന്നം | ഉണ്ട് | ഇല്ല |
| 5 | കിംഗ് പ്ലൈവുഡ് | ഉണ്ട് | ഇല്ല |
| 6 | സുവർണ്ണ പ്ലൈവുഡ് | ഇല്ല | ഇല്ല |
| 7 | റിയൽ വുഡ് ഇൻഡസ്ട്രീസ് | ഇല്ല | ഇല്ല |
| 8 | ഐശ്വര്യ പ്ലൈവുഡ് | ഇല്ല | ഇല്ല |
| 9 | സ്റ്റാൻഡേർഡ് പ്ലൈ & ബോർഡ്സ് | ഇല്ല | ഇല്ല |

| | | | |
|---|---|---|---|
| 10 | റോളക്സ് പ്ലൈവുഡ് | ഇല്ല | ഇല്ല |
| 11 | മീഡിയ | ഇല്ല | ഇല്ല |
| 12 | കൊച്ചിൻ പ്ലൈവുഡ് | ഇല്ല | ഇല്ല |
| 13 | ലിബർട്ടി പ്ലൈവുഡ് | ഇല്ല | ഇല്ല |
| 14 | മാവേലി സ്റ്റോർ ഓടക്കാലി | ഇല്ല | ഇല്ല |
| 15 | സുമ ഫ്യൂയൽസ് , ചെറുകുന്നം | ഇല്ല | ഇല്ല |
| 16 | മാർജിൻ ഫ്രീ മാർക്കറ്റ് , ഓടക്കാലി | ഇല്ല | ഇല്ല |
| 17 | യോഗക്ഷേമം ഗ്രൂപ്പ്, ഓടക്കാലി | ഇല്ല | ഇല്ല |
| 18 | ന്യൂസ്റ്റാർ പ്ലൈവുഡ്, മേത്തല | ഇല്ല | ഇല്ല |
| 19 | പി ഡി പി പി സൊസൈറ്റി , പനച്ചിയം | ഇല്ല | ഇല്ല |
| 20 | നവ്യ കോൺക്രീറ്റ് പ്രൊഡക്റ്റ്സ് | ഇല്ല | ഇല്ല |
| 21 | ഡയമണ്ഡ് ഡിസൈനർ ടൈൽസ് | ഇല്ല | ഇല്ല |

തൊഴിൽ നികുതി ഈടാക്കുന്നതിന് നടപിടകൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 ജൽ ജീവൻ മിഷൻ - പഞ്ചായത്തിന് റോഡ് കട്ടിംഗ് ഫീസ് ലഭിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ ജൽ ജീവൻ മിഷന്റെ ഭാഗമായി വാട്ടർ അതോറിറ്റി റോഡ് കട്ടിംഗ് നടത്തിയിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റി റോഡ് കട്ടിംഗ് നടത്തിയ റോഡുകളിൽ അറ്റകുറ്റപ്പണി നടത്തുകയോ, ഗ്രാമ പഞ്ചായത്തിൽ റോഡ് കട്ടിംഗ് ഫീസ് അടക്കുകയോ റോഡ് റെസ്റ്റോറേഷൻ നടത്തുകയോ ചെയ്തിട്ടില്ല. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് അസി:എഞ്ചിനീയർക്കും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും ഓഡിറ്റ് എൻക്വയറി (നം.5/12.10.2023) നൽകി. ആയതിന് ലഭ്യമാക്കിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

1. ജൽ ജീവൻ മിഷന്റെ ഭാഗമായി റോഡ് കട്ടിംഗ് നടത്തുന്നതിന് വാട്ടർ അതോറിറ്റി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല.

2. ഗ്രാമപഞ്ചായത്തിലെ ഏതെല്ലാം റോഡുകളിലാണ് റോഡ് കട്ടിംഗ് നടത്തിയിട്ടുള്ളത് എന്നതിന്റെ വിവരം ലഭ്യമാക്കിയില്ല.

3. റോഡ് കട്ടിംഗ് ഫീസിനത്തിൽ തുക അടവാക്കിയിട്ടുണ്ടെങ്കിൽ രസീത് സഹിതം വിവരം ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല.

4. ജൽ ജീവൻ മിഷന്റെ ഭാഗമായി റോഡ് കട്ടിംഗ് നടത്തിയ റോഡുകളുടെ റിസ്റ്റോറേഷൻ പ്രവൃത്തികൾ പ്രൊജക്ട് മുഖാന്തിരം പഞ്ചായത്ത് നടത്തിയിട്ടില്ല.

5. ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 16.08.2023ലെ 19(1) നം. തീരുമാന പ്രകാരം ജൽ ജീവൻ മിഷന്റെ ഭാഗമായി റോഡ് കട്ടിംഗ് നടത്തിയ റോഡുകളുടെ നാശനഷ്ടം തിട്ടപ്പെടുത്തുന്നതിന് എൽ.എസ്.ജി.ഡി. എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ജൽ ജീവൻ മിഷനെ അറിയിച്ച് തുടർനടപടികൾ ആവശ്യപ്പെടാനും തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടതിന് നാളിതുവരെ പരിശോധന നടത്തിയ റോഡുകളിൽ ജൽ ജീവൻ മിഷൻ റീസ്റ്റോർ ചെയ്തിട്ടില്ല എന്ന് അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

ജൽ ജീവൻ മിഷൻ റോഡ് കട്ടിംഗുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്.

1-15 അങ്കണവാടികൾക്ക് ഗ്യാസ് സ്റ്റൗ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- പഴയ സ്റ്റൗവുകൾ ലേലം ചെയ്യേണ്ടതാണ്.

അങ്കണവാടികൾക്ക് ഗ്യാസ് സ്റ്റൗ-പഴയവ തിരികെ വാങ്ങി ലേലം ചെയ്തില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 121/23 |
| പ്രോജക്ടിന്റെ പേര് | അങ്കണവാടികൾക്ക് ഗ്യാസ് സ്റ്റൗ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 50,000/-(മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം) |
| ചെലവ് | 49,685/- |
| ബിൽ നമ്പർ | 225/03.02.2023 - ₹46,265<br>330/16.03.2023 - ₹3,420 |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിൽ പഞ്ചായത്തിലെ 19 അങ്കണവാടികളിലേക്കും 2,435/- രൂപ നിരക്കിൽ ആകെ 46,265/- രൂപ ചെലവഴിച്ച് ഗ്യാസ് സ്റ്റൗവും, 3,240/- രൂപ ചെലവഴിച്ച് ഗ്യാസ് സ്റ്റൗവിന് ആവശ്യമായ ട്യൂബും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. 19 അങ്കണവാടികളിലും മുൻപ് ഗ്യാസ് കണക്ഷൻ ഉണ്ടായിരുന്നതായി കാണുന്നു. മുഴുവൻ അങ്കണവാടികളിലേക്കും പുതിയ സ്റ്റൗ വാങ്ങി വിതരണം ചെയ്യുമ്പോൾ മുൻപ് ഉപയോഗിച്ചിരുന്നവയിൽ എത്രയെണ്ണം ഉപയോഗക്ഷമമല്ലായിരുന്നുവെന്നോ, എന്തുകൊണ്ടാണ് എല്ലാ സ്റ്റൗവും ഒരുമിച്ച് മാറേണ്ടി വന്നതെന്നോ ഫയലിൽ നിന്ന് വ്യക്തമല്ല. പുതിയവ വാങ്ങി നൽകിയപ്പോൾ പഴയ സ്റ്റൗ തിരികെ വാങ്ങി സ്റ്റോക്കിലെടുത്തതായോ, അവ ഉപയോഗയോഗ്യമല്ലെങ്കിൽ മൂല്യ നിർണ്ണയം നടത്തി സ്ക്രാപ്പ് വിലയ്ക്ക് വിൽപ്പന ചെയ്യാൻ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.
മേൽ അപാകതകയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.16/18.10.2023) നൽകിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥ ഹാജരാക്കിയ മറുപടിയിൽ കാലപ്പഴക്കം വന്ന സ്റ്റൗ അടിയന്തിര സാഹചര്യം കണക്കിലെടുത്ത് കുട്ടികളുടെ സുരക്ഷ ഉറപ്പ് വരുത്തേണ്ടതിനാലാണ് വാങ്ങി നൽകിയതെന്നും നിലവിൽ ഉപയോഗ ശൂന്യമായവ പഞ്ചായത്ത് സമിതിയെ അറിയിച്ച് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
പഴയ സ്റ്റൗവുകൾ തിരികെ സ്റ്റോക്കിലെടുത്ത് ഉപയോഗയോഗ്യമല്ലെങ്കിൽ മൂല്യനിർണ്ണയം നടത്തി ലേലം ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 പ്രോജക്റ്റ് അംഗീകരമില്ലാതെ തുക ചെലവഴിച്ചു

2022-23 സാമ്പത്തിക വർഷം പ്രോജക്റ്റ് വെയ്ക്കാതെ കോവിഡ് പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ട് മരുന്ന്, മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കായി 3,00,000/- രൂപ CFC (Untied) ഗ്രാന്റ് ചെലവഴിച്ചിട്ടുണ്ട്. മെഡിക്കൽ ഓഫീസർ 2021-22-ൽ റിക്വസിഷൻ നൽകിയതിൽ ഫണ്ട് ചെലവഴിച്ചത് 2022-23 സ്പിൽ ഓവർ പ്രോജക്റ്റ് വെയ്ക്കാതെ സെക്രട്ടറി തുക ചെലവഴിച്ചു.

വൗച്ചർ നം.(XVFC/2022-23/P/22/28.5.22-₹297647, XVFC/2022-23/P/23/28.5.22-₹2353 )

എന്നാൽ പ്ലാൻ മാർഗ്ഗരേഖ പ്രകാരം പ്രോജക്റ്റ് അംഗീകാരമില്ലാതെ ചെലവഴിക്കാൻ പാടില്ല എന്നിരിക്കെ തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 3,00,000/- രൂപ ചെലവഴിച്ചത് ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.

1-17 ജെക്സ് - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

പദ്ധതി നം. – 177/23.

അടങ്കൽ/ചെലവ് :- ₹25,000/-(ധ.ക.അവാർഡ്)

പദ്ധതി :- ജെക്സ് കേരള കോൺക്ലേവ് പഞ്ചായത്ത് വിഹിതം നൽകൽ.

വൗച്ചർ നം. /തീയതി :- XVFC/2022-23/P/58, 17.03.2023.

നിർവ്വഹണം :- സെക്രട്ടറി.

അന്താരാഷ്ട്ര ടെക്നോളജിക്കൽ കോൺക്ലേവ് പരിപാടിക്കായി പഞ്ചായത്തിൽ നിന്നും മേൽ പറഞ്ഞ പ്രകാരം തുക നൽകിയിട്ടുണ്ട് . ആയതിന്റെ കൈപ്പറ്റ്,വിനിയോഗവിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ രേഖകൾ ലഭ്യമാകുന്നമുറക്ക് അറിയിക്കേണ്ടതാണ്. അതുവരെ ചെലവ് തുക 25,000/- രൂപ തടസ്സം ചെയ്യുന്നു.

1-18 ഐ.കെ.എം - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

ഐ.കെ.എം.-ന് പഞ്ചായത്ത് വിഹിതമായി നൽകിയ താഴെ പറയുന്ന തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം. | 70/23 |
| നിർവ്വഹണം | സെക്രട്ടറി |
| ബിൽനം.,തീയതി | 221120752078700489421/ 31.08.2022 |
| അടങ്കൽ/ചെലവ് | ₹55,485/- (പ്ലാൻ-ജനറൽ) |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 55,485/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക അടവാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കേണ്ടതാണ്.

1-19 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി പൂർത്തിയായിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| പ്രോജക്ടിന്റെ നം/ വർഷം | 46/22-23 |
| അടങ്കൽ തുക / ഫണ്ട് | ₹2,00,000/- , മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ചെലവ് തുക/ബിൽ നം,തീയതി | ₹2,00,000/-., 22120752010301273200/തീയതി 02.03.2023. |

2022-23 വർഷം ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ പ്രൊജക്ടിനായി ഹോംകോയിലേക്ക് അടവാക്കിയ 2,00,000/-രൂപയുടെ മരുന്നുകൾ മുഴുവനായി ലഭ്യമായിട്ടില്ല. ഇൻവോയിസ് നം. LF 1174/28.08.2023 പ്രകാരം 97,951/- രൂപയുടെ മരുന്നുകളുടെ രേഖകളാണ് പരിശോധനക്കായി ലഭ്യമാക്കിയത്. ശേഷിക്കുന്ന 1,02,049/- രൂപയുടെ മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-20 തെരുവ് വിളക്ക് മെയിന്റനൻസ് പ്രൊജക്ട് നിർവ്വഹണത്തിൽ ന്യൂനതകൾ.

തെരുവ് വിളക്ക് മെയിന്റനൻസിനായി ഓഡിറ്റ് വർഷം താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ടിന്റെ നം. | 161/23 |
| പ്രോജക്ട് | തെരുവിളക്കുകളുടെ മെയിന്റനൻസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| അടങ്കൽ | 2,50,000/-(പ്ലാൻ-ജനറൽ) |
| ചെലവ് | 1,61,000/- |
| ബിൽ നം. / തീയതി. | 22120752078701399297/17.03.2023. |

മെയിന്റനൻസിനായി ടെണ്ടർ ചെയ്ത പ്രകാരം ലഭ്യമായ രണ്ട് ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത റൗഫ് എം.എം എന്ന കരാറുകാരന് 26.12.2022 -ലെ 3/1നം പഞ്ചായത്ത് തീരുമാനപ്രകാരം പ്രവർത്തനനമതി നൽകുകയുണ്ടായി. 30.12.2022 മുതൽ ഒരു വർഷമാണ് കരാർ കാലാവധി. കരാറുകാരന് ക്വോട്ട് ചെയ്ത് നിരക്ക് 118/- രൂപയാണ്. ഒരു പോൾ മെയിന്റനൻസ് ഉള്ള ചാർജ് 100 രൂപയും 18/- രൂപ ജി.എസ്.ടി.യും ഉൾപ്പെടെയാണ് ആകെ 118/- രൂപ നിരക്കിൽ ആകെ 2,50,000/- രൂപക്കാണ് കരാർ ചമച്ചിട്ടുള്ളത്. അടങ്കൽ തുകയിലെ ആദ്യ ഗഡുവായി ഓഡിറ്റ് വർഷം 1,61,000/- രൂപ നൽകുകയുമുണ്ടായി.

പദ്ധതി നിർവ്വഹണത്തിൽ കണ്ട ന്യൂനതകൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 3-1 ൽ വിശദമായി ചേർത്തിട്ടുണ്ട്.

1-21 ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങി ഉപയോഗിച്ചതിലെ ന്യൂനതകൾ .

| | |
|---|---|
| പ്രോജക്ട് നം. & പേര് | 162/23, പുതിയ തെരവ് വിളക്കുകൾ വാങ്ങൽ |
| അടങ്കൽ | ₹2,50,000/- ( പ്ലാൻ-ജനറൽ) |
| ചെലവ് | ₹2,48,826/- |
| ബിൽ നം., തീയ്യതി | 701523480/28.3.23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രോജക്ടുകൾ ടെൻഡർ ക്ഷണിച്ച പ്രകാരം കുറഞ്ഞ നിരക്കിൽ ടെൻഡർ സമർപ്പിച്ച റൗഫ് എന്ന കരാറുകാരനുമായി കരാർ ഉറപ്പിച്ചു. കരാറുകാരൻ സമർപ്പിച്ച 'സൂപ്പർ ടെക് ഇലക്ട്രിക്കൽസ് ആൻഡ് കോൺടാക്ട്സ് മുളവൂർ' എന്ന സ്ഥാപനത്തിന്റെ 2,48,826/- രൂപയുടെ ഇലക്ട്രിക്കൽ സാധനങ്ങളുടെ ടാക്സ് ഇൻവോയിസ് പ്രകാരമുള്ള തുക അനുവദിക്കുകയും ചെയ്തു.

മേൽപ്പറഞ്ഞ സാധനങ്ങൾ വാങ്ങിയ നടപടികളിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1) പഞ്ചായത്ത് ആവശ്യകത അനുസരിച്ച് ഏതെല്ലാം വാർഡുകളിൽ എത്ര ലൈറ്റ് വീതം മാറ്റാനായുണ്ട്/സ്ഥാപിക്കാനുണ്ട് എന്നത് സംബന്ധിച്ച ആവശ്യകതാ നിർണ്ണയം നടത്തിയിട്ടുള്ളതായി കാണുന്നില്ല.

2) ഇലക്ട്രിക്കൽ ഉപകരണങ്ങളായതിനാൽ കരാർ ഉറപ്പിക്കുന്നതിന് മുമ്പ് ആരുടെ നിർദ്ദേശാനുസരണമാണ് ഇത്രയും സാധനങ്ങൾ വാങ്ങിയത് എന്ന് വ്യക്തമല്ല.

3) സാധനങ്ങൾ പൂർണമായി പ്രസ്തുത ആവശ്യങ്ങൽക്ക് ഉപയോഗപ്പെടുത്തുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ ആർക്കും ചുമതല നൽകിയിട്ടില്ല.

4) ഒരു വർഷത്തേക്ക് വാങ്ങിയ പ്രസ്തുത സാധനങ്ങളുടെ ഭൂരിഭാഗവും വാങ്ങി രണ്ടുമാസത്തിനകം തീർന്നിട്ടുണ്ട്. ഇത് ആരും പരിശോധിച്ചതായോ പ്രവൃത്തി നടത്തിയതിന്റെ മോണിറ്ററിങ്ങ് റിപ്പോർട്ടും ഇല്ല.

5) വാങ്ങിയ മേൽ പറഞ്ഞ സാധനങ്ങളിൽ 800 LED ലൈറ്റുകളും ഉൾപ്പെട്ടിട്ടുണ്ട്. വാറണ്ടി, ISI സർട്ടിഫിക്കേഷൻ എന്നിവയുള്ളതാണോ പ്രസ്തുത സാധനങ്ങൾ എന്ന് ഫയലിൽ നിന്നും വ്യക്തമല്ല.

6) ഓഡിറ്റ് വർഷം വാങ്ങിയ തെരുവുവിളക്കുകളിൽ പുതിയതായി സ്ഥാപിച്ചവയുണ്ടെങ്കിൽ ആയത് വാർഡ് തിരിച്ച് രജിസ്റ്ററിൽ ചേർത്ത് കാലികമാക്കി സൂക്ഷിക്കേണ്ടതുണ്ട്. കൂടാതെ 2019-20 ൽ വാങ്ങിയ 7 ലക്ഷം രൂപയുടേതുൾപ്പെടെ മുൻവർഷങ്ങളിലെ വാങ്ങലുകൾ ഒന്നും തന്നെ രജിസ്റ്ററിൽ ഉൾപ്പെടുത്തികാണുന്നില്ല.

മേൽ പറഞ്ഞ ന്യൂനതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/16.10.2023) ലഭ്യമാക്കിയ മറുപടിയിൽ സ്റ്റിയറിങ്ങ് കമ്മറ്റിയും വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയും മോണിറ്ററിങ്ങ് ചെയ്തുവരുന്നതാണെന്നും ഗുണനിലവാരമുള്ള സാധനങ്ങളാണെന്നും തെരുവ് വിളക്ക് രജിസ്റ്ററിൽ അവശ്യമായ വിവരങ്ങൾ ചേർത്തിട്ടുണ്ട് എന്നും അറിയച്ചു. എന്നാൽ മേൽ പറഞ്ഞവ സംബന്ധിച്ച രേഖകൾ മറുപടിക്കൊപ്പം ലഭ്യമാക്കാനായിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-22 പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിനുള്ള തുക അടവാക്കിയത് – പ്രോജക്റ്റ് നിർവ്വഹണത്തിൽ ന്യൂനതകൾ.

1) ഡെപ്പോസിറ്റ് പ്രവൃത്തിയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്റ്റ് നം. – 166/23, 155/23

പ്രൊജക്റ്റ് :- ഉപയോഗശൂന്യമായ സ്ട്രീറ്റ് ടാപ്പിന് കട്ടിങ് ചാർജ്

അടവാക്കൽ - അധിക വിഹിതം.

അടങ്കൽ :- ₹46,831/- (വികസനഫണ്ട്-ജനറൽ)

ചെലവ് :- ₹46,831/-

ബിൽ.നം. തീയതി :- 2212075207870115l160/1.2.2023

അടങ്കൽ :- ₹1,60,169/-(തനത്ഫണ്ട്)

ചെലവ് :- ₹1,60,169/-

ചെക്ക് നം. :- 027571/17.3.2023.

നിർവ്വഹണ ഉദ്യോഗസ്ഥൻ :- സെക്രട്ടറി, ഗ്രാമപഞ്ചായത്ത്

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള ഉപയോഗശൂന്യമായ പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിനായി മേൽപ്പറഞ്ഞ പ്രകാരം തുക അടവാക്കിയിട്ടുണ്ടെങ്കിലും പദ്ധതി പൂർത്തീകരിച്ച് ആയതിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല., ആയത് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

2) 2.11.2022ൽ കേരള വാട്ടർ അതോറിറ്റി ലഭ്യമാക്കിയ 2,07,000/- രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ഉപയോഗ ശൂന്യമായ പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിനാണ് തുക അടവാക്കിയിട്ടുള്ളത്. ലഭ്യമാക്കിയ ഫയലിൽ ജനറൽ എബ്സ്ട്രാക്റ്റിൽ വർക്കിങ്ങ് ചാർജ് ഇനത്തിൽ 154654.71 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എത്ര ടാപ്പുകൾക്കുള്ള കട്ടിങ്ങ് ചാർജ് ആണ് ഒടുക്കിയതെന്ന് ഇതിൽ നിന്നും വ്യക്തമല്ല. എസ്റ്റിമേറ്റ് പൂർണമായി ലഭ്യമാക്കാത്തത് ശരിയായ നടപടിയല്ല. ജനറൽ എബ്സ്ട്രാക്റ്റ് ലഭ്യമാകുന്നതിന് മുമ്പ് ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് വാങ്ങേണ്ടതായിരുന്നു. ഇത് ലഭ്യമാകാത്തതിനാൽ ആകെ ഡിസ്കണക്റ്റ് ചെയ്യേണ്ട ടാപ്പുകളുടെ എണ്ണമോ തുകയോ വ്യക്തമല്ല. കൂടാതെ പഞ്ചായത്ത് 05.8.2022-ന് നല്കിയ കത്തിൽ ആകെ എത്ര പൊതു ടാപ്പുകൾ ഡിസ്കണക്റ്റ് ചെയ്യാനുണ്ടെന്ന് പഞ്ചായത്തും അറിയിച്ചിട്ടില്ല. കത്തിനോടൊപ്പം ഉള്ള വിവിധ വാർഡുകളിലെ ടാപ്പുകളുടെ സ്ഥലവിവരണമാണ് കത്തിനൊപ്പമുള്ളത്. മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുവാനും തുടർ നടപടികൾ സംബന്ധിച്ച വിവരം അറിയിക്കുവാനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/16.10.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. മറുപടിയുടേയും വിനിയോഗ വിവരങ്ങളുടേയും അഭാവത്തിൽ 2,07,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 കൃഷിയിടങ്ങളിലെ ആഫ്രിക്കൻ ഒച്ചിന്റെ നിയന്ത്രണം - പദ്ധതി നിർവ്വഹണത്തിലെ അപാകം.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 130/23 |
| പ്രൊജക്റ്റ് | കൃഷിയിടങ്ങളിലെ ആഫ്രിക്കൻ ഒച്ചിന്റെ നിയന്ത്രണം |
| അടങ്കൽ | 125000/- (തനത്ഫണ്ട്,(B.C) |
| ചെലവ് | 62500/- |
| വൗച്ചർ നം. | 22200801 / 28.02.23 – ₹46,875/- |
| ചെക്ക് നം. | 27491 / 13.02.23 – ₹ 15,625/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

കൃഷിയിടങ്ങളിൽ ആഫ്രിക്കൻ ഒച്ചിനെ നിയന്ത്രിക്കുന്നതിനായി നടപ്പാക്കിയതാണ് പ്രോജക്റ്റ്. മേൽ പ്രോജക്റ്റിനായി 25% തുക ഗുണഭോക്തൃ വിഹിതവും 75% പദ്ധതി വിഹിതവുമാണ്. ഒച്ചിനെ കൊല്ലുന്നതിന് ആവശ്യമായ കീടനാശിനി അശമന്നൂർ കേര കർഷകസമിതി വഴിയാണ് വാങ്ങിയിട്ടുള്ളത്. കിലോയ്ക്ക് 1,250/- രൂപ നിരക്കിൽ 50 കിലോ കീടനാശിനി വാങ്ങിയിട്ടുണ്ട്. അപേക്ഷ സമർപ്പിച്ച ഗുണഭോക്താക്കളിൽ നിന്നും സ്ഥല വിസ്തൃതിയുടെ അടിസ്ഥാനത്തിൽ 37 പേർക്കാണ് പദ്ധതിയുടെ ആനുകൂല്യം നൽകിയിട്ടുള്ളത്. പ്രസ്തുത കീടനാശിനിയുടെ യൂണിറ്റ് കോസ്റ്റ് 2022-23-ലെ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചതായി കാണുന്നില്ല. ഒച്ചിനെ നിയന്ത്രിക്കുന്നതിനായി വാങ്ങിയിട്ടുള്ള 'സ്നെയിൽ കിൽ' എന്ന കീടനാശിനിയുടെ നിരക്ക് ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങിയതായി കാണുന്നില്ല. കീടനാശിനിയുടെ വില താരതമ്യം ചെയ്യാതെ നേരിട്ട് മാർക്കറ്റ് വിലയ്ക്കാണ് വാങ്ങിയിട്ടുള്ളത്. കൃഷിയിടങ്ങളിൽ ആഫ്രിക്കൻ ഒച്ചിനെ നിയന്ത്രിക്കുന്നതിനായി ഓടക്കാലി സുഗന്ധവിള/ഔഷധസസ്യ ഗവേഷണ കേന്ദ്രം പഠനം നടത്തി നൽകിയതായി നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങളിൽ / ശിപാർശകളിൽ നിരവധി ജൈവ, ഇതര മാർഗ്ഗങ്ങൾ ഉണ്ടായിരിക്കെ രാസകീടനാശിനി വാങ്ങി പദ്ധതി നടപ്പാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്. കൂടാതെ ഒരു പ്രദേശത്തെ ജനങ്ങളെ മുഴുവൻ സംഘടിപ്പിച്ചുള്ള സംയോജിത രീതിയാണ് നടപ്പാക്കാൻ നിർദ്ദേശിച്ചതെങ്കിലും വിവിധ വാർഡുകളിലെ വിവിധ പ്രദേശങ്ങളിൽ വിതരണം ചെയ്തതായാണ് കാണുന്നത്.

മേൽപ്പറഞ്ഞ ന്യൂനതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-24 നെൽകൃഷിക്ക്കൂലിചെലവ് സബ്സിഡി - പദ്ധതി നിർവ്വഹണത്തിൽ ന്യൂനതകൾ.

| | |
|---|---|
| പദ്ധതി നം | 127/23 |
| പദ്ധതി. | നെൽകൃഷിക്ക്കൂലിചെലവ് സബ്സിഡി |
| നിർവ്വഹണം | കൃഷി ഓഫീസർ. |
| 1) ബിൽ നം,തിയ്യതി,തുക | 177/23.12.2022,144,308/- |
| 2)ബിൽനം,തിയ്യതി, തുക | 179/28.12.2022,82,463/- |
| അടങ്കൽ | 2,00,000 (വികസന ഫണ്ട്,<br>1,60,000 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | 144308/- (വികസനഫണ്ട്)<br>82463/- (ജില്ലാ പഞ്ചായത്ത് വിഹിതം) |

മേൽ ക്രമ നം 1, 2 ബില്ലുകൾ പ്രകാരം 54 പേർക്കാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഹെക്ടറിന് 22000/-

രൂപ നിരക്കിൽ പരിമിതപ്പെടുത്തി (14000/-രൂപ നിരക്കിൽ ഗ്രാമ പഞ്ചായത്തും, 8000/- രൂപ നിരക്കിൽ ജില്ലാ പഞ്ചായത്തും) നെൽകൃഷി കൂലി ചെലവ് അനുവദിച്ചിട്ടുള്ളത്. ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

. അപേക്ഷയോടൊപ്പം കർഷകൻ കൃഷി ചെയ്യുന്ന ഭൂമിയുടെ നികുതിശീട്ട് കൂലിചെലവ് ആനുകൂല്യം ലഭിക്കുന്നതിനായി സമർപ്പിക്കേണ്ടതുണ്ട്. സർക്കാർ മാർഗ്ഗരേഖ പ്രകാരം ഉടമ സമർപ്പിക്കുന്ന ഭൂവിസ്തൃതി കാണിക്കുന്ന നികുതിശീട്ടും അതൊടൊപ്പം യഥാർത്ഥത്തിൽ കൃഷി ചെയ്ത വിസ്തൃതിക്കനുസരിച്ചായിരിക്കണം ചെലവ് തുക അനുവദിക്കേണ്ടത്. എന്നാൽ താഴെ ചേർത്ത ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയ ഭൂനികുതിശീട്ടിൽ ഭൂമിയുടെ തരം പുരയിടമായുള്ള അളവ് കൂട്ടിചേർത്ത് നിലമായി കണക്കാക്കിയും, നിലമായ ഭൂമിയുടെ നികുതിശീട്ട് ലഭ്യമാക്കാത്തവക്കും, നിലമായി രേഖപ്പെടുത്തിയ സ്ഥലവിസ്തൃതിയിലും അധികം കൂലിച്ചെലവും അനുവദിക്കുകയുണ്ടായി. വിശദാംശങ്ങൾ ഖണ്ഡിക 3-2ൽ ചേർത്തിട്ടുണ്ട്.

1-25 എസ്.എസ്.കെ. പദ്ധതി - പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 71/23 |
| അടങ്കൽ | 417756/-(വികസനഫണ്ട്-ജനറൽ) |
| ചെലവ് | 417756/- |
| ബിൽ നം. | 22120752078700489425/<br>31.08.2022, 200000/-<br>22120752078700843611/<br>30.11.2023, 217756/- |

സർക്കാർ മാർഗ്ഗരേഖ [സ.ഉ.(കൈ)നം.84/22/തസ്വഭവ.തി.19.01,2022] പ്രകാരം എസ്.എസ്.കെ.ക്ക് സർക്കാർ നിശ്ചയിച്ച തുക വകയിരുത്തണമെങ്കിലും പദ്ധതികളുടെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ പങ്കാളിത്തത്തോടെ ആയിരിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരണത്തിന് ശേഷം ഓരോ സ്കൂളിലും നടന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്തൊക്കെയാണെന്ന വിവരങ്ങൾ എസ്.എസ്.കെ. ഡയറക്ടർ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്. എന്നാൽ അത്തരത്തിലുള്ള പ്രവർത്തനം ഉണ്ടായിട്ടില്ല.

. പഞ്ചായത്ത് പരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ പഞ്ചായത്തു വിഹിതമാണ് മേൽ ബിൽ പ്രകാരം, എസ്.എസ്.കെയ്ക്ക് കൈമാറിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തിട്ടില്ല. പദ്ധതി പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി കാണുന്നില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ് തുക കൈമാറിയിട്ടുള്ളത്. ഈ തുക ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്നത് സംബന്ധിച്ച വിശദമായ വിനിയോഗ വിവരങ്ങൾ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ലഭ്യമാക്കേണ്ടതാണ് .

1-26 ഓഡിറ്റ് ഇംപാക്ട്

തൊഴിലുറപ്പ് പദ്ധതിയുടെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കരാറുകാരന് ബിൽ തുക നൽകിയപ്പോൾ ആദായ നികുതി ടി.ഡി.എസ്. ഈടാക്കിയിരുന്നില്ല. ആയത് ഓഡിറ്റ് എൻക്വയറി (നം.1/12.10.23) മുഖാന്തിരം ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ 3,110/- രൂപ 19/10/23 ൽ രസീത് നം. 1230301618 പ്രകാരം അടവാക്കി.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 റോഡ് കട്ടിംഗ് അനുമതി - സൂപ്പർ വിഷൻ ചാർജ് ഈടാക്കിയില്ല - 6002 രൂപ നഷ്ടം

ഗ്രാമപഞ്ചായത്തിൽ റോഡ് കട്ടിംഗ് ഫീസ് ഈടാക്കിയതിൽ അപാകതകൾ ഉള്ളതായി കാണുന്നു. അപേക്ഷകരുടേയും ഫീസ് ഈടാക്കിയതിന്റേയും വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | റോഡ് കട്ടിംഗ് നടത്തിയ സ്ഥലം | ഫീസ് ഈടാക്കിയതിന്റെ വിവരം | റോഡ് കട്ടിംഗ് ഫീസ് |
|---|---|---|---|---|
| 1 | ബേസിൽ ഷാജി പനച്ചിയം മുതൽ പേർ, പൈപ്പ് ഇടൽ, SC3 -2114/22/3.10.2022 | അഞ്ചാം വാർഡിലെ സൺഡേ സ്കൂൾ ഉദയകവല റോഡ്, കക്കാട്ടുകുടി കനാൽ റോഡ് | രസീത് നം 1220303784/GO70401 /15.02.2023 | 215450 |
| 2 | സുരേഷ് പി കെ പൈനുങ്കൽ, പൈപ്പ് ഇടൽ, SC3 -2022/1791/16.9.2022 | രണ്ടാം വാർഡിലെ കളമ്പാടം വേങ്ങൂർ റോഡ്, കക്കാട്ടുകുടി കനാൽ റോഡ് | രസീത് നം 1220301400/GO70401 /19.09.2022 | 15895.20 |
| 3 | കുന്നത്താഴം പോളിമേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, അശമന്നൂർ, പൈപ്പ് ഇടൽ SC3-2022/1411/8.8.27 | ആറാം വാർഡിൽ നൂലേലി പാടം റോഡ് | രസീത് നം 1220301068/GO70401 /08.08.2022 | 8758 |
| ആകെ | | | | 240103.2 |

ഫീസ് ഈടാക്കൽ ഇതര നടപടികൾ എന്നിവ സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/12.10.23) അസി:എഞ്ചിനീയർ 16/10/23ൽ 53/AE/LID&EW/ASNR/2023-24 പ്രകാരം മറുപടി ലഭ്യമാക്കി. ആയത് കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

1. റോഡ് കട്ടിംഗ് ഫീസ് ഈടാക്കുന്നതിന് നിദാനമായ ചീഫ് എഞ്ചിനീയർ (പി.ഡബ്ല്യു.ഡി. റോഡ്സ്) തിരുവനന്തപുരത്തിന്റെ 24.09.2020 ലെ No: CE / R&B/GL-RCl3l20l8 സർക്കുലർ പ്രകാരം 2.5% നിരക്കിൽ സൂപ്പർവിഷൻ ചാർജ് അടക്കണം. ഇപ്രകാരം ക്രമ നം.1-ൽ നിന്ന് 5,386/- രൂപയും ക്രമ നം.2-ൽ നിന്ന് 397/- രൂപയും ക്രമ നം.3-ൽ നിന്ന് 219/- രൂപയും ഉൾപ്പെടെ 6,002/- രൂപ ഈടാക്കി തനത് ഫണ്ടിൽ അടവാക്കേണ്ടതാണെങ്കിലും ആയത് അടവാക്കിയതായി കാണുന്നില്ല. ഇക്കാര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടതിന് സൂപ്പർവിഷൻ ചാർജ് ഈടാക്കുന്നതിന് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു.

2. റോഡ് കട്ടിംഗ് നടത്തിയ റോഡുകളുടെ റിസ്റ്റോറേഷൻ അപേക്ഷകർ തന്നെ ചെയ്യുന്ന രീതിയാണ് ഗ്രാമപഞ്ചായത്തിൽ ഉള്ളത്. ഇപ്രകാരം ചെയ്യുന്നതിനാൽ റിസ്റ്റോറേഷന്റെ പൂർണ്ണത ഉറപ്പ് വരുത്താൻ

ബുദ്ധിമുട്ടാണ്. ശരിയായ രീതിയിൽ റിസ്റ്റോറേഷൻ ചെയ്തു എന്ന് ഉറപ്പ് വരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കണമെന്നാവശ്യപ്പെട്ടതിന് എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഓവർസിയറുടെ സൂപ്പർവിഷനിലാണ് റോഡ് റീസ്റ്റോർ ചെയ്തിട്ടുള്ളത് എന്നറിയിച്ചു.

3. കേരള സ്റ്റേറ്റ് ഐ റ്റി മിഷൻ തയ്യാറാക്കിയിട്ടുള്ള സുഗമ പോർട്ടൽ വഴിയാണ് റോഡ് കട്ടിംഗ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നേരിട്ട് ഐ.എൽ.ജി.എം.എസ്. വഴിയാണ് അപേക്ഷകൾ സമർപ്പിക്കുന്നത്. സുഗമ പോർട്ടലിൽ ഫയൽ അപ് ലോഡ് ചെയ്യുന്നതിന് സാങ്കേതിക പ്രശ്നമുള്ളതിനാലാണ് നിർദ്ദേശം പാലിക്കാൻ സാധിക്കാതിരുന്നത് എന്നറിയിച്ചു. അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

ഓഡിറ്റ് നിർദേശം

സൂപ്പർവിഷൻ ചാർജ് ഈടാക്കാതിരുന്നതിനാൽ നഷ്ടം വന്ന 6,002/- രൂപ ഈടാക്കി തനത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. റോഡ് കട്ടിംഗ് അപേക്ഷകൾ സുഗമ പോർട്ടൽ വഴി സ്വീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തെരുവ് വിളക്ക് മെയിന്റനൻസ് പ്രൊജക്ട് നിർവ്വഹണത്തിൽ ന്യൂനതകൾ.

തെരുവ് വിളക്ക് മെയിന്റനൻസിനായി ഓഡിറ്റ് വർഷം താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ടിന്റെ നം. | 161/23 |
| പ്രോജക്ട് | തെരുവിളക്കുകളുടെ മെയിന്റനൻസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹2,50,000/-(പ്ലാൻ-ജനറൽ) |
| ചെലവ് | ₹1,61,000/- |
| ബിൽ നം, തീയതി. | 221207520787O1399297/17.03.2023. |

മെയിന്റനൻസിനായി ടെണ്ടർ ചെയ്ത പ്രകാരം ലഭ്യമായ രണ്ട് ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത റൗഫ് എം.എം എന്ന കരാറുകാരന് 26.12.2022 -ലെ 3/1നം പഞ്ചായത്ത് തീരുമാനപ്രകാരം പ്രവർത്തനനുമതി നൽകുകയുണ്ടായി. 30.12.2022 മുതൽ ഒരു വർഷമാണ് കരാർ കാലാവധി. കരാറുകാരന് ക്വോട്ട് ചെയ്ത് നിരക്ക് 118/- രൂപയാണ്. ഒരു പോൾ മെയിന്റനൻസ് ഉള്ള ചാർജ് 100 രൂപയും 18/- രൂപ ജി.എസ്.ടി.യും ഉൾപ്പെടെയാണ് ആകെ 118/- രൂപ നിരക്കിൽ ആകെ 2,50,000/- രൂപയ്ക്കാണ് കരാർ ചമച്ചിട്ടുള്ളത്. അടങ്കൽ തുകയിലെ ആദ്യഗഡുവായി ഓഡിറ്റ് വർഷം 1,61,000/- രൂപ നൽകുകയുമുണ്ടായി.

പദ്ധതി നിർവ്വഹണത്തിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1) ഒരു വർഷത്തേക്കുള്ള കരാർ തുകയുടെ പകുതിയിലധികം തുക രണ്ടുമാസത്തിലകം കരാറുകാരന് നൽകി കഴിഞ്ഞു. ശേഷിക്കുന്ന 10 മാസത്തേക്ക് നൽകാൻ അവശേഷിക്കുന്നത് വെറും 89,000/- രൂപ മാത്രമാണ്. ഇത് ശരിയായ നടപടിക്രമം അല്ല. അതായത് ഒരു ക്വോട്ടറിന് 62,500/- രൂപയേ അനുവദിക്കേണ്ടതുണ്ടായിരുന്നുള്ളു.

2) ടാക്സ് ഇൻവോയ്സിന് പകരം ബിൽ ഓഫ് സപ്ലൈയാണ് സൂക്ഷിച്ചിരിക്കുന്നു. ജി.എസ്.ടി. നിയമ പ്രകാരം സാധനങ്ങൾ/സാമഗ്രികൾ വിതരണം ചെയ്യുമ്പോൾ ടാക്സ് ഇൻവോയ്സ്, ബിൽ ഓഫ് സപ്ലൈ എന്നിവ വിതരണക്കാരന് നൽകാം. വിതരണക്കാരൻ കോംപൗണ്ടഡ് ജി.എസ്.ടി. നടത്തിയിട്ടുള്ളയാളാണെങ്കിലോ, വിതരണം ചെയ്യുന്ന ഇനം ജി.എസ്.ടി. ബാധകമല്ലാത്ത

ഇനമാണെങ്കിലോ ആണ് ബിൽ ഓഫ് സപ്ലൈ നൽകേണ്ടത്. വിതരണക്കാരൻ ലഭ്യമാക്കിയിട്ടുള്ള ബിൽ ഓഫ് സപ്ലൈയിൽ രേഖപ്പെടുത്തിയിരിക്കുന്ന ജി.എസ്.ടി. നമ്പറായ 32DBSPM9091R1ZH റഗുലർ ജി.എസ്.ടി. പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. മാത്രവുമല്ല ബിൽ ഓഫ് സപ്ലൈയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഇനങ്ങൾ ജി.എസ്.ടി. ബാധകമായവയുമാണ്.

3) ബില്ലിൽ ജി.എസ്.ടി. തുക രേഖപ്പെടുത്തിയിട്ടില്ല.

ഫയലിൽ സൂക്ഷിച്ചിട്ടുള്ള കരാറുകാരൻ സമർപ്പിച്ചിട്ടുള്ള ബില്ലിൽ ജി.എസ്.ടി. തുക രേഖപ്പെടുത്തിയിട്ടില്ല. (Inv No.CN6/28.2.2023) ജി.എസ്.ടി. രേഖപ്പെടുത്താതെ സമർപ്പിച്ച ബില്ലിൻമേൽ കരാറുകാരന് ടെണ്ടറിൽ ക്വോട്ട് ചെയ്ത തുകയായ 118/- രൂപക്ക് പകരം 100/- രൂപ അനുവദിച്ചാൽ മതിയായിരുന്നു. എന്നാൽ 1,61,070/- (1365x118) രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപ്രകാരം അനർഹമായി 24,570/- രൂപ (1365x18) അനുവദിക്കുകയുണ്ടായി.

4) ടെണ്ടർ നടപടികൾ സുതാര്യമല്ല. പഞ്ചായത്തിൽ ആകെയുള്ള ലൈറ്റുകളുടെ കണക്കില്ലാതെയാണ് മെയിന്റനൻസ് നടത്തേണ്ട ലൈറ്റുകളുടെ ടെണ്ടർ നടപടി നടത്തിയത്. തെരുവ് വിളക്ക് രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. കെഎസ്.ഇ.ബി.യിൽ നിന്ന് ലഭിക്കുന്ന ബിൽ പ്രകാരം ഉള്ള ലൈറ്റുകളുടെ എണ്ണം ആവശ്യപ്പെട്ടതിൽ വാക്കാൽ ലഭ്യമായതായി പഞ്ചായത്തിലെ സെക്ഷൻ ക്ലാർക്ക് രേഖപ്പെടുത്തിയ ലൈറ്റുകളിൽ ട്യൂബ്, സോഡിയം വേപ്പർ സി.എഫ്.എൽ. തുടങ്ങിയ ഇനങ്ങൾ ഉൾപ്പെടെ 2,185 എണ്ണം ഉള്ളതായാണ് കണക്ക്. എന്നാൽ സെക്രട്ടറി കെ.എസ്.ഇ.ബി.-ക്ക് 03.08.2023-ന് എഴുതിയ കത്തിൽ ഈ കണക്ക് തെറ്റാണെന്ന് അറിയിച്ചിട്ടുള്ളതുമാണ്.

5) മെയിന്റനൻസ് നടത്തിയതായി രേഖപ്പെടുത്തിയിട്ടുള്ള ലൈറ്റുകളും സ്പെയറുകളും പഞ്ചായത്ത് വാങ്ങി നൽകിയിട്ടുള്ളതാണ്. വാങ്ങിയ സാധനങ്ങൾ മുഴുവൻ സ്റ്റോക്കിലെടുക്കുകയും ഭൂരിഭാഗവും വിതരണം ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ റിപ്പയർ/റീപ്ലേസ് ചെയ്തതിന് പകരമുള്ള സാധനങ്ങൾ സ്പെയർ മെയിന്റനൻസ്/ റിപ്പയർ രജിസ്റ്ററിൽ രേഖപ്പെടുത്തികയോ സ്ക്രാപ്പ് പഞ്ചായത്തിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ പുതിയതായി വാങ്ങിയവ മുഴുവൻ ഉപയോഗപ്പെടുത്തിയോ എന്നും പഴയവ എവിടെ ഉപേക്ഷിച്ചുവെന്നും വ്യക്തമല്ല (ഉദ.2022-23 ൽ വാങ്ങിയ 800 എൽ.ഇ.ഡി. ലൈറ്റുകളിൽ 600 എൽ.ഇ.ഡി. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം മാറ്റിയിട്ടിട്ടുണ്ട്).

മേൽപ്പറഞ്ഞ ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/17.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതും അധികമായി അനുവദിച്ച ക്രമ നമ്പർ 3-ൽ ചേർത്തിരിക്കുന്ന 24,570/- രൂപ തിരിച്ചടവാക്കേണ്ടതാണ്. 2023-24-ലും മേൽ പറഞ്ഞ അപാകതകൾ ആവർത്തിക്കുന്നുണ്ടോയെന്ന് അറിയിക്കേണ്ടതാണ്.

## 3-2 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി - പദ്ധതി നിർവ്വഹണത്തിൽ ന്യൂനതകൾ.

| | |
|---|---|
| പദ്ധതി നം | 127/23 |
| പദ്ധതി. | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി |
| നിർവ്വഹണം | കൃഷി ഓഫീസർ. |
| 1) ബിൽ നം,തീയതി,തുക | 177/23.12.2022 / ₹1,44,308/- |
| 2)ബിൽനം,തീയതി, തുക | 179/28.12.2022 / ₹82,463/- |
| അടങ്കൽ | 2,00,000 (വികസന ഫണ്ട്,<br>1,60,000 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | ₹1,44,308/- (വികസനഫണ്ട്)<br>₹82,463/- (ജില്ലാ പഞ്ചായത്ത് വിഹിതം) |

മേൽ ക്രമ നം. 1, 2 ബില്ലുകൾ പ്രകാരം 54 പേർക്കാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഹെക്ടറിന് 22,000/- രൂപ നിരക്കിൽ പരിമിതപ്പെടുത്തി (14,000/-രൂപ നിരക്കിൽ ഗ്രാമ പഞ്ചായത്തും, 8,000/- രൂപ നിരക്കിൽ ജില്ലാ പഞ്ചായത്തും) നെൽകൃഷി കൂലിച്ചെലവ് അനുവദിച്ചിട്ടുള്ളത്. ഗുണഭോക്താക്കളുടെ

അപേക്ഷ പരിശോധിച്ചതിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

. അപേക്ഷയോടൊപ്പം കർഷകൻ കൃഷി ചെയ്യുന്ന ഭൂമിയുടെ നികുതി രസീത്, കൂലിച്ചെലവ് ആനുകൂല്യം ലഭിക്കുന്നതിനായി സമർപ്പിക്കേണ്ടതുണ്ട്. സർക്കാർ മാർഗ്ഗരേഖ പ്രകാരം, ഉടമ സമർപ്പിക്കുന്ന ഭൂവിസ്തൃതി കാണിക്കുന്ന നികുതി രസീതും അതോടൊപ്പം യഥാർത്ഥത്തിൽ കൃഷി ചെയ്ത വിസ്തൃതിക്കനുസരിച്ചായിരിക്കണം ചെലവ് തുക അനുവദിക്കേണ്ടത്. എന്നാൽ താഴെ ചേർത്ത ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയ ഭൂനികുതി രസീതിൽ ഭൂമിയുടെ തരം പുരയിടമായുള്ള അളവ് കൂട്ടിചേർത്ത് നിലമായി കണക്കാക്കിയും, നിലമായ ഭൂമിയുടെ നികുതി രസീത് ലഭ്യമാക്കാത്തവയ്ക്കും, നിലമായി രേഖപ്പെടുത്തിയ സ്ഥലവിസ്തൃതിയിലും അധികം കൂലിച്ചെലവും അനുവദിക്കുകയുണ്ടായി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പേര്. | നികുതി രസീതിൽ നില യമായി രേഖപ്പെടുത്തി യ അളവ് | അനുവദി ക്കേണ്ട തുക (22000/247 സെന്റ് = 89/- സെന്റിന്) | അനുവ ദിച്ച തുക | അധിക മായി അനുവദിച്ച തുക |
|---|---|---|---|---|---|
| 1 | കുര്യൻ.പി.പി, പാണ്ടിമറ്റം | നികുതിശീട്ടിൽ തരം നിലമാ ഭൂമിയില്ല. (30.29 ആർ കര) | തുക അനുവദ നീമല്ല. | 2494.00 | 2494.00 |
| 2 | വിജയൻ, തേക്കുംകുടി | 39.35ആർ+ 32.80ആർ+ 4.85 ആർ = 77ആർ | 77x2.47= 190.19x89/- 16926.91 | 17814.00 | 887.00 |
| 3 | ഗോപിനാഥ മാരാർ, കാരക്കാട്ട് | 15.50 ആർ | 15.50ആർ X2.47= 38.285 X 89 =3407.00 | 3563.00 | 156.00 |
| 4 | രാജൻ. പി.കെ, പാറക്കൽ. | 8.8ആർ+ 14.2ആർ = 23ആർ | 23ആർ X 2.47 = 56.81 X 89 5056.00 | 5789.00 | 733.00 |
| 5 | പൗലോസ്, എടത്തിക്കുടി | 11.93ആർ. | 11.93ആർ X 2.47 = 29.461 X 89 = 2622.57 | 2761.00 | 139.00 |
| 6 | നിഷ അഭിലാഷ് | 17.30 ആർ. | 17.30 ആർ X2.47 = 42.731 X 89 = 3803.05 | 4097.00 | 294.00 |
| 7 | ശശി വേലായുധൻ | 17.15ആർ. | 17.15ആർ X 2.47 = 42.36 X 89 = 3770.08 | 4008.00 | 238.00 |
| | | | | ആകെ | 4941.00 |

മേൽ ചേർത്ത ഗുണഭോക്താക്കൾക്ക് അവർ ലഭ്യമാക്കിയ രേഖകൾ പ്രകാരം അധികമായി അനുവദിച്ച തുക സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/18.10.2023) ലഭ്യമാക്കിയ മറുപടിയിൽ ഏതാനും ഗുണഭോക്താക്കളുടെ നികുതി രസീത് പിന്നീട് ലഭ്യമാക്കുകയുണ്ടായി. ആയതിന് ശേഷവും മതിയായ രേഖകൾ ലഭ്യമാക്കാത്തവരുടെ വിവരങ്ങളാണ് മുകളിൽ പരാമർശിച്ചിട്ടുള്ളത്. അധികം നൽകിയ തുക ₹4,941/- തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായാണ് കണക്കുകൾ പരിശോധിച്ചിട്ടുള്ളത് | |

## 4-2 സംയുക്ത പ്രോജക്റ്റുകളുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | 2022-23 ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1,30,000 | 142/23-ലൈഫ് ഭവന നിർമ്മാണം-എസ് സി | 1,30,000 | 0 |
| | 2022-23 | 7,40,000 | 141/23- ലൈഫ് ഭവന നിർമ്മാണം-ജനറൽ | 7,40,000 | 0 |
| | 2022-23 | 3,00,000 | 23/23-ശാരീരിക മാനസിക വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ | 3,00,000 | 0 |
| | 2022-23 | 1,50,000 | 143/23-ക്ഷീര സംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 1,50,000 | 0 |
| | ആകെ | 13,20,000 | | 13,20,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 82,463 | 127/23-നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി | 82,463 | 0 |
| | 2022-23 | 20,08,239 | 142/23-ലൈഫ് ഭവന നിർമ്മാണം-എസ് സി | 20,08,239 | 0 |
| | 2022-23 | 55,44,000 | 141/23- ലൈഫ് ഭവന നിർമ്മാണം-ജനറൽ | 55,44,000 | 0 |
| | 2022-23 | 1,07,870 | 23/23-ശാരീരിക മാനസിക വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ | 1,07,870 | 0 |
| | 2022-23 | 1,50,000 | 143/23-ക്ഷീര സംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 1,50,000 | 0 |
| | 2022-23 | 5,05,000 | 167/23-പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 5,05,000 | 0 |
| | ആകെ | 83,97,572 | | 83,97,572 | |

## 4-3 നിക്ഷേപ പ്രവൃത്തികൾകൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 166/23, ഉപയോഗ ശൂന്യമായ സ്ട്രീറ്റ് ടാപ്പ് കട്ടിംഗ് ചാർജ് അടവാക്കൽ- അധിക വിഹിതം | 212/1.2.23 | 46831 | 0 | 46831 |
| കേരള വാട്ടർ അതോറിറ്റി | 188/23, ഉപയോഗ ശൂന്യമായ സ്ട്രീറ്റ് ടാപ്പ് കട്ടിംഗ് ചാർജ് അടവാക്കൽ പദ്ധതി | 22200913 /17.3.23 (തനത് ഫണ്ട്) | 160169 | 0 | 160169 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം ഈയിനത്തിൽ ചെലവില്ല.

## 4-5 വായ്പ /വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. 2022-23 വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക (ആകെ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| KURDFC ഭവന വായ്പ -ലൈഫ് | ജി.ഒ. (എം.എസ്.) 68/2018/ ത.സ്വ.ഭ.വ. തീയതി 18.5.2018 | 1,44,71,000 | 1,11,66,000 | 22,85,728 | 0 | 88,80,272 | - |

.

| ലോൺ തിരിച്ചടവ് | |
|---|---|
| പ്രോജക്റ്റ് നം. | തുക |
| 186 / 23 | 3,38,020 |
| 194 / 23 | 3,38,020 |
| 185 / 23 | 8,04,844 |
| 192 / 23 | 8,04,844 |
| ആകെ | 22,85,728 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 17,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | 1,14,750 |
| ആകെ | 18,14,750 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 18,14,750 |

അശമന്നൂർ സർവീസ് സഹകരണ ബാങ്കിലുള്ള സ്ഥിരനിക്ഷേപത്തിന്റെ 0120000062398/15.09.2021 നമ്പർ അസ്സൽ രസീത് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 2-6 | 2005-06 | 37.1 | ഇല്ലത്തുപ്പടി ശുദ്ധജല പദ്ധതി മുൻകൂർ തുക തിരിച്ചുപിടിക്കാത്തത് | ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക സമർപ്പിച്ചു. |

| | | | | | |
|---|---|---|---|---|---|
| 1999-00 | 2-8 | 2005-06 | 37.2 | വനിത ഫിഷ് മാർക്കറ്റിന് ഫ്രിഡ്ജ് , ഫ്രീസർ വാങ്ങിയത് ഉപയോഗശൂന്യമായി | ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക സമർപ്പിച്ചു. |
| 1999-00 | 2-9 | 2005-06 | 37.3 | വിവരവിനിമയ സാങ്കേതിക സർവ്വേ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക സമർപ്പിച്ചു. |
| 1999-00 | 2-10 | 2005-06 | 37.4 | ലിഫ്റ്റ് ഇറിഗേഷൻ | ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക സമർപ്പിച്ചു. |

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

തൻവർഷം ചാർജ്/സർചാർജ് നടപടികളിലൂടെ തുകയൊന്നും ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,29,44,047 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,57,95,281 |
| വരവിനങ്ങളിലുള്ള നഷ്ടം | 6,002 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 29,511 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6,89,534 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ 'ബി' യിലേയും 'സി' യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 6,002 | --- | ശ്രീമതി രശ്മി എസ്., സെക്രട്ടറി |
| 3-1 (1-20) | --- | 24,570 | ശ്രീമതി രശ്മി എസ്., സെക്രട്ടറി |
| 3-2 (1-24) | --- | 4,941 | ശ്രീമതി സൗമ്യ സണ്ണി, കൃഷി ഓഫീസർ. |
| ആകെ | 6,002 | 29,511 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | ₹3,00,000 | ശ്രീമതി രശ്മി എസ്., സെക്രട്ടറി |
| 1-17 | ₹25,000 | ശ്രീമതി രശ്മി എസ്., സെക്രട്ടറി |
| 1-18 | ₹55,485 | ശ്രീമതി രശ്മി എസ്., സെക്രട്ടറി |
| 1-19 | ₹1,02,049 | ഡോ. കൃഷ്ണകുമാർ പി.കെ., മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 1-22 | ₹2,07,000 | ശ്രീമതി രശ്മി എസ്., സെക്രട്ടറി |

| | | |
|---|---|---|
| ആകെ | ₹6,89,534 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ,മറ്റ സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/ തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.രശ്മി.എസ്, സെക്രട്ടറി, | സെക്രട്ടറി, അശമന്നൂർ ഗ്രാമ പഞ്ചായത്ത് | കണ്ണോത്ത് ഹൗസ്, പട്ടിമറ്റം. പി.ഒ |
| ഡോ. കൃഷ്ണകുമാർ.പി.കെ, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ (ഹോമിയോ) അശമന്നൂർ ഗ്രാമ പഞ്ചായത്ത് | 'മോളത്ത്കുടി' ഹൗസ്, മേത്തല.പി.ഒ. എറണാകുളം-683545 |
| ശ്രീമതി സൗമ്യ സണ്ണി, കൃഷി ഓഫീസർ. | കൃഷി ഓഫീസർ, അശമന്നൂർ ഗ്രാമ പഞ്ചായത്ത് | പുല്ലങ്ങൽ ഹൗസ് വേങ്ങൂർ പി.ഒ, വേങ്ങൂർ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | LFE(P2)139(3)/11 Dt.19.5.11 |
| 1999-00 | LFE(P2)1395(36)/11 Dt.19.5.11 |
| 2004-05 | KSA-EKM(P2)719/15 Dt.22.09.15 |
| 2005-06 | LFE(P2)1272/09 Dt.1.6.2011 |
| 2006-07 | LFE(P2)1273/11 Dt.8.3.2010/7.6.10 |
| 2007-08 | LFE(P2)2034/12 Dt.5.3.2013 |
| 2008-09 | LFE(P2)2035/12 Dt.6.3.2013 |
| 2009-10 | LFE(P2)2035/15 Dt.21.1.2016 |
| 2010-11 | LFE(P2)2035/15 Dt.21.1.2016 |
| 2011-12 | LFE(P2)2035/15 Dt.21.1.2016 |
| 2012-13 | LFE(P2)985/15 Dt.22.4.2015 |
| 2013-14 | LFE(P2)985/15 Dt.22.4.2015 |
| 2014-15 | LFE(P2)1190/16 Dt.20.7.2016 |
| 2015-16 | KSA EKM(P2)2121/16 Dt.13.12.2016 |
| 2016-17 | KSA-EKM(P2)2210/17 Dt.30.11.2017/ 16.12.2017 |
| 2017-18 | KSA EKM(P2)226/19 Dt.11.03.2019 |
| 2018-19 | KSA EKM(P2)729/2021 Dt.30.06.21/05.07.21 |
| 2019-20 | KSA EKM(P2)1912/2021 Dt.30.06.2022 |
| 2020-21 | KSA EKM(P2)1913/2021 Dt.01.07.2022 |

| | |
|---|---|
| 2021-22 | KSA EKM(P2)1732/2022 Dt.03.12.2022 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 20-07-2023 and submitted on 24-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Asamannur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Asamannur Grama Panchayat for the year 2022-2023

Date: 13/12/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Asamannur Grama Panchayat for the Year 2022-2023.

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2. Lack of Panchayath Raj Budget rules adversely affecting budgetary control system.

3. The Asset value shown in Balance Sheet is not traceable to Asset register due to unsupported design of existing Asset register.

4. Non inclusion of Notes to accounts in Financial statements and non disclosure of material facts.

5. Generation of financial reports showing contradictory information due to non integration of Accounting

software with other related softwares.

**2.Other Observations**

1.The Audit does not certify the accuracy of the Cash Flow Statement due to deficiencies.

2.Basic ratios are not included in the Annual Financial Statements.

3.Classification and valuation of Assets has not been done.

4.Property tax figures do not match with AFS.

5.Advance Register is not compatible with AFS.

6.The Deposit register is not properly written and maintained.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്